പതിമൂന്നാം കേരള നിയമസഭ

അഞ്ചാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 936 — 14.06.2012ൽ മറുപടിയ്ക്ക്

<u>അക്കാഡമിക് സിറ്റി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ .കെ. മുരളീധരൻ:<br>ശ്രീ ഹൈബി ഈഡൻ:<br>ശ്രീ . തേറമ്പിൽ രാമകൃഷ്ണൻ. | ശ്രീ . പി.കെ. അബ്ദു റബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ഒരു അക്കാഡമിക് സിറ്റി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ ; | എ) ഉണ്ട് |
| ബി) അക്കാഡമിക് സിറ്റി കൊണ്ട് കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | ബി) അക്കാഡമിക് സിറ്റി എന്നത് കൊണ്ട് അർത്ഥമാക്കുന്നത് വിവിധ സർവ്വകലാശാലകളുടെ അംഗീകാരത്തോടെ വിവിധ കോഴ്സുകൾ ഒരേ മേൽക്കൂരയ്ക്ക് കീഴിൽ ലഭ്യമാക്കുക എന്നതാണ്. ലോകത്തിലെ വൻകിട സർവ്വകലാശാലകളിൽ നടത്തുന്നതും ആധുനിക വിജ്ഞാനാനുബന്ധിയുമായ കോഴ്സുകളാണ് ഇതിലൂടെ പഠിപ്പിക്കാൻ |

ഉദ്ദേശിക്കുന്നത്. നമ്മുടെ സർവ്വകലാശാലകളിൽ ഇതുവരേയും നടപ്പാക്കാത്ത കോഴ്സുകൾ നടത്തുന്നത് സംബന്ധിച്ച കാര്യങ്ങളാണ് പരിഗണനയിലുള്ളത്. കേരളത്തിൽ അക്കാദമിക് സിറ്റി സ്ഥാപിതമായാൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പ്രസ്തുത കോഴ്സുകൾ പഠിക്കാൻ വിദ്യാർത്ഥികൾ ഇവിടെ എത്തിച്ചേരും . ഇതര രാജ്യങ്ങളെ അപേക്ഷിച്ച് കുറഞ്ഞ ചെലവിൽ കേരളത്തിൽ നിന്നും വിദ്യ നേടാം . ഉദാഹരണത്തിന് ഓക്സ്ഫോർഡ് സർവ്വകലാശാലയുടെ ഒരു സ്റ്റഡിസെന്റർ അക്കാദമിക് സിറ്റിയിൽ ആരംഭിച്ചാൽ സിലബസും, ഫാക്കൽറ്റിയുമെല്ലാം ഓക്സ്ഫോർഡിന്റേതായിരിക്കും . സർട്ടിഫിക്കറ്റും അവർ തന്നെ വിതരണം ചെയ്യും . ഇംഗ്ലണ്ട്, അമേരിക്ക, യു.എ.ഇ തുടങ്ങിയ രാജ്യങ്ങളിൽ ഇപ്പോൾ ഇത്തരം അക്കാദമിക് സിറ്റികൾ പ്രവർത്തിച്ചുവരുന്നുണ്ട്.

| | |
|---|---|
| സി)ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കമോ ? | ഇത് സംബന്ധിച്ച് ദുബായ് ആസ്ഥാനമായ സ്ഥാപനവുമായി അനൗപചാരിക ചർച്ചകൾ നടത്തിയിട്ടുണ്ട്. പദ്ധതി പ്രാരംഭ ദശയിലാണ്. കോഴിക്കോട് |

സർവ്വകലാശാല വൈസ് ചാൻസലർ,ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി , പ്ലാനിംഗ് ബോർഡിൽ നിന്നുള്ള ഒരു വിദഗ്ധൻ എന്നിവരടങ്ങിയ ഒരു ഉദ്യോഗസ്ഥ സംഘത്തെ ദുബായിലെ **നോളജ്** സിറ്റി സന്ദർശിക്കുന്നതിന് നിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ